# ഒരു നല്ല അപ്പന്റെ ചാവരുളിന്റെ ചിന്തകളോടു ചേർന്നുള്ള കുടുംബങ്ങൾക്കു വേണ്ടിയുള്ള വിശുദ്ധ കുരിയാക്കോസ് ഏലിയാസ് പിതാവിനോടുള്ള നൊവേന

# ഉള്ളടക്കം


പ്രാരംഭഗാനം

പ്രാരംഭ പ്രാർത്ഥന

ചാവരുൾ ധ്യാനം

കൃതജ്ഞതാ പ്രാർത്ഥന

കുടംബ സമർപ്പണ പ്രാർത്ഥന

മദ്ധ്യസ്ഥ പ്രാർത്ഥന

സമാപനപ്രാർത്ഥന

സമാപനാശീർവ്വാദം

സമാപനഗാനം

ലഘുജീവചരിത്രം

കുടുംബഭദ്രതയ്ക്ക് വേണ്ടിവി.ചാവറയ
ച്ചന്റെ പ്രവാചകവചനങ്ങൾ

# പ്രാരംഭഗാനം

കർമ്മേല ചൈതന്യത്തിൽ
നിർമ്മല ദർപ്പണമെ
കുര്യാക്കോസ് പുണ്യാത്മാവേ
ഞങ്ങൾക്കായ് പ്രാത്ഥിക്കണേ,

ജീവിതവീഥികളിൽ
പാപമകറ്റീടുവാൻ
ആത്മാവിനാനന്ദവും
രക്ഷയും നേടിടുവാൻ....

(കർമ്മേല.....)

രോഗവും പീഡകളും
ശാന്തമായ് സ്വീകരിക്കാൻ
ആശ്രയമെന്നുമെന്നും
ദൈവത്തിലർപ്പിക്കുവാൻ....

(കർമ്മേല.....)

# പ്രാരംഭപ്രാർത്ഥന

**കാർമ്മി**: സ്വർഗ്ഗീയ പിതാവെ, വിശുദ്ധചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെ ഞങ്ങൾക്ക് മാതൃകയും മധ്യസ്ഥനും ആയി നല്കിയതിന് ഞങ്ങൾ നന്ദിപറയുന്നു. ഈശോയെ, അങ്ങയുടെ മകനായ ചാവറ പിതാവിൽ വിളങ്ങിയിരുന്ന തിരുഹിതാന്വേഷണം, ദൈവപരിപാലനയിലുള്ള ആശ്രയം, വെല്ലുവിളി അഭിമുഖികരിക്കാനുള്ള ധീരത എന്നീ സുകൃതങ്ങൾ ജീവിതത്തിൽ പകർത്തുവാൻ ഞങ്ങളെ അനുഗ്രഹിയ്ക്കണമെ. പരിശുദ്ധാത്മാവായ ദൈവമെ, വിശുദ്ധ ചാവറപിതാവിനെപോലെ പരിശുദ്ധത്മാവിൻെറ നിവേശനങ്ങളോട് പൂർണ്ണമായും സഹകരിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ

**സമൂ**: ആമ്മേൻ.

**കാർമ്മി**:പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, (എല്ലാവരും ചേർന്ന്)

മാമ്മോദീസായിലൂടെ ഞങ്ങളിൽ അധിവസിച്ച /അങ്ങയുടെ തിരുസാന്നിധ്യം/ഞങ്ങൾ ഏറ്റു പറയുന്നു. മാമ്മോദീസായിൽ ലഭിച്ച പ്രസാദ വരം/ഞാൻ നഷ്ടപെടുത്തിയിട്ടില്ല എന്ന്/മര ണകിടക്കയിൽ വെച്ച് /സാക്ഷ്യപ്പെടുത്തിയ/ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാ വിൻെറ/പ്രത്യേക മാധ്യസ്ഥ്യം/ഞങ്ങൾ യാചിക്കുന്നു. ഞങ്ങൾ/പരിശുദ്ധ ത്രിത്വ ത്തിൻെറ ആലയങ്ങളാണെന്ന/ബോധ്യ ത്തോടെ ജീവിക്കുവാൻ/ ഞങ്ങളെ സഹായി ക്കണമെ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** കർത്താവായ ഈശോയെ, ഞങ്ങ ളുടെ ജീവിതങ്ങളെ അങ്ങയുടെ ഭരണത്തി നായി സമർപ്പിക്കുന്നു. പരസ്പരം കരുതലും കാവലുമേകി ജീവിക്കുവാൻ ഞങ്ങളെ അനു ഗ്രഹിയ്ക്കണമെ. സമാധാനത്തിൻെറ കണ്ണി കളായി വ്യാപരിക്കാൻ ഞങ്ങളെ സഹായിക്കേ ണമെ. ഞങ്ങളുടെ കുടുംബങ്ങൾ മലയിൽ ഉയർത്തപ്പെട്ട ദീപം പോലെ നന്മയുടെ പ്രകാ ശഗോപുരങ്ങളായി അങ്ങ് രൂപാന്തരപെടുത്ത ണമെ. നിത്യം പിതാവും പുത്രനും പരിശു ദ്ധാത്മാവുമായ സർവ്വേശ്വരാ

**സമൂ:** ആമ്മേൻ.

# ചാവരുൾ ധ്യാനം

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് കുടുംബങ്ങൾക്ക് മാർഗ്ഗരേഖയായി കുടുംബ ചട്ടം (ഒരു നല്ല അപ്പൻെറ ചാവരുൾ) നല്കി. അതിലെ ഏതാനും ചിന്തകൾ നാം ഇവിടെ ഉദ്ധരിച്ചു പ്രാർത്ഥിക്കുന്നു. നമ്മുടെ കുടുംബ ങ്ങളെ ചാവറ പിതാവിന്റെ മാധ്യസ്ഥ്യ ത്തിനായി സമർപ്പിക്കാം.

**കാർമ്മി**: ഒരു നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന് സദൃശമാകുന്നു.

**സമൂ**: പരസ്പര ബഹുമാനവും വിധേയത്വവും പുലർത്തി ജീവിക്കുവാൻ വിശുദ്ധചാവറപിതാ വെ, ഞങ്ങൾക്കു വേണ്ടി മാധ്യസ്ഥ്യം വഹി ക്കണമെ.

**കാർമ്മി**: കഷ്ടപ്പാടുകൾ നിറഞ്ഞ ഈലോ കജീവിതത്തിൽ ദുഖങ്ങളിൽ ആശ്വാസവും ക്ലേശങ്ങളിൽ സമാധാനവും നല്കുന്നത് പര സ്പരസ്നേഹവും ക്രമവും ഉള്ള കുടുംബ ത്തിൽ ജീവിക്കുന്നതാകുന്നു.

**സമൂ**: ഞങ്ങളുടെ കുടുംബങ്ങളിൽ പരസ്പര സ്നേഹവും സമാധാനവും നിലനിൽക്കു

വാൻ വിശുദ്ധ ചാവറപിതാവെ, ഞങ്ങൾക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കണമെ.
**കാർമ്മി:** ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയവും ഭക്തിയുമാണ്. ഇത്തരം തറവാട് ഈലോകത്തിലും പരലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവിക്കും.
**സമൂ:** ദൈവഭയത്തിലും കൗദാശികജീവിതത്തിലും വളർന്നുവരുവാൻ വിശുദ്ധ ചാവറ പിതാവെ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമെ.

**കാർമ്മി:** ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ലകുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടാക്കുന്നു.
**സമൂ:** സ്നേഹത്തോടും ആദരവോടും കൂടെ പെരുമാറുവാൻ വിശുദ്ധ ചാവറപിതാവെ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമെ.
**കാർമ്മി:** മാതാപിതാക്കളേ, നിങ്ങളാൽ സൂക്ഷിക്കപ്പെടുന്നതിനായി സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളുടെ കയ്യിൽ ഏല്പിച്ചി രിക്കുന്ന നിക്ഷേപങ്ങളാണ് മക്കൾ.
**സമൂ:** ദൈവം ദാനമായി നല്കിയിരിക്കുന്ന

മക്കളെ ദൈവശുശ്രൂഷകരായി വളർത്തുന്നതിന് വിശുദ്ധചാവറപിതാവെ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമെ.

**കാർമ്മി**: അന്യന് എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം നിൻെറ ആയുസ്സിൻെറ കണക്കിൽ കൂട്ടുകയില്ല.

**സമൂ**: ജീവിതക്ലേശമനുഭവിക്കുന്നവർക്ക് ഉള്ളതിൻെറ വീതം പങ്കുവെയ്ക്കുവാൻ വിശുദ്ധ ചാവറപിതാവെ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമെ.

**കാർമ്മി**: സ്വന്തം സ്വത്തിനും പ്രാപ്തി ക്കും അധികമായി നീ ചെലവ് ചെയ്യരുത്. പെട്ടെന്ന് കെട്ടുപോകുന്ന വൈക്കോൽ തുറുവിൻ വെട്ടത്തെക്കാൾ നല്ലത് ഒരുചെറിയ വിളക്കിന്റെ നിലനിൽക്കുന്ന വെളിച്ചമാണ്.

**സമൂ**: വിവേകത്തോടും കരുതലോടും കൂടെ ജീവിക്കാൻ വിശുദ്ധ ചാവറപിതാവെ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമെ.

(മൗനമായി നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും നിയോഗങ്ങളും സമർപ്പിക്കാം)

# കൃതജ്ഞതാപ്രാർത്ഥന

**കാർമ്മി:** അനുഗ്രഹസമ്പന്നനായ കർത്താവെ, ഞങ്ങളുടെ ജീവിതത്തിൽ അങ്ങ് നല്കികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ അങ്ങേയ്ക്ക് കൃതജ്ഞത അർപ്പിക്കുന്നു. കരുതലും സ്നേഹവും നല്കി, ഞങ്ങളെ വഴിനടത്തുന്ന അങ്ങയുടെ പരിപാലന എത്രയോ മഹത്തരം. കർത്താവാണ് എൻെറ ഓഹരിയും പാനപാത്രവും എന്ന് ജീവിതം കൊണ്ട് പ്രഘോഷിച്ച വിശുദ്ധ ചാവറ പിതാവിൻെറ മാധ്യസ്ഥത്തിലൂടെ അങ്ങ് വർഷിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ

**സമൂ: ആമ്മേൻ.**

(ദൈവം നമ്മിലേക്ക് ചൊരിയുന്ന നന്മകളെ ഓർത്ത് അവിടുത്തക്ക് നന്ദി പറയാം)

**കാർമ്മി:** ജീവിത പ്രതിസന്ധികളിൽ തളരാതെ ദൈവം കൂടെയുണ്ട് എന്ന അവബോധം നല്കി അനുഗ്രഹിച്ചതിന് കർത്താവേ, അങ്ങയോട് ഞങ്ങൾ നന്ദി പറയുന്നു.

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

**കാർമ്മി:** ദിവ്യഗുരുവായ ഈശോയെ, അജ്ഞാനമാകുന്ന അന്ധകാരം നീക്കി ജ്ഞാനമാകുന്ന പ്രകാശം പകരുന്നതിന് പള്ളിക്കൂടങ്ങൾസ്ഥാപിക്കുവാൻ വിശുദ്ധ ചാവറപിതാവിനെ അങ്ങ് ഉപകരണമാക്കിയല്ലോ. ഇന്നും ആ ജ്ഞാനവെളിച്ചം പകരുവാൻ സഭയെ സജ്ജമാക്കികൊണ്ടിരിക്കുന്നതിനെ ഓർത്ത് ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.
**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

**കാർമ്മി:** കുടുംബസമാധാനം നല്കി അനേകരെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്നതിന്
**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

**കാർമ്മി:** നീണ്ടവർഷങ്ങളായി ഉണ്ടായിരുന്ന വിവാഹതടസ്സം മാറികിട്ടിയതിന്
**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു

.

**കാർമ്മി:** രോഗശയ്യയിൽ ചെയ്യുന്ന ശുശ്രൂഷ ഏറ്റവും മഹത്തരമെന്ന് ഞങ്ങളെ പഠിപ്പിച്ച വിശുദ്ധ ചാവറപിതാവിൻെറ മാതൃക പിൻചെന്ന് രോഗികളെയും വേദനിക്കുന്നവരെയും കരുണയോടെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിച്ചതിന്

**സമൂഹം:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

**കാർമ്മി:** മദ്യപാനത്തിൽ നിന്ന് വിടുതൽ നല്കി അനേകരെ യേശുസ്നേഹത്തിലേക്ക് ആകർഷിച്ചതിന്

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

**കാർമ്മി:** സാമ്പത്തിക നേട്ടങ്ങളും ജോലി സാധ്യതകളും നൽകി ഞങ്ങളെ അനുഗ്രഹിക്കുന്നതിന്

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

(കൃതജ്ഞതാ പ്രാർത്ഥനകൾ ആവശ്യാനുസരണം കൂട്ടിചേർക്കാം)

# കുടുംബസമർപ്പണ പ്രാർത്ഥന

**കാർമ്മി:** സർവ്വശക്തനായ ദൈവമേ, വിശുദ്ധ ചാവറപിതാവ് അങ്ങേ സന്നിധിയിൽ നിർമ്മലനായി ജീവിക്കുകയും നിരന്തരമായ ദൈവ സാന്നിധ്യസ്മരണയാലും പ്രാർത്ഥനയാലും തിരുസഭാശുശ്രൂഷകളാലും അങ്ങേക്ക് പ്രിയങ്കരനായിതീരുകയും ചെയ്തുവല്ലോ. ആ പുണ്യപിതാവിന്റെ മധ്യസ്ഥതയിൽ ആശ്രയിക്കുന്ന ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. തിരുസഭാശുശ്രൂഷയ്ക്കായും കുടുംബങ്ങളെ അങ്ങയുടെ തിരുമനസ്സിനനുസൃതം വളർത്തുന്നതിനും ഞങ്ങളെ ശക്തിപ്പെടുത്തണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ: ആമ്മേൻ.**

"ഒരു നല്ല അപ്പന്റെ ചാവരുളി"ൽ നിന്നു വിശുദ്ധ ചാവറപിതാവിന്റെ വചസ്സുകൾ നമുക്കിപ്പോൾ ശ്രവിക്കാം.

"നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ; മറ്റുള്ളവരുടെ തെറ്റുകൾ സന്തോഷത്തോടെ ക്ഷമിക്കുവിൻ."

“മറ്റുള്ളവർക്ക് സഹായം ചെയ്യണമെന്ന്;
ദൈവംതന്നെ നമ്മോട് കല്പിച്ചിരിക്കുന്നു.”

“അയൽക്കാർക്ക് ഉപകാരം ചെയ്യാത്ത ദിവ
സങ്ങൾ
ആയുസ്സിൻെറ പുസ്തകത്തിൽ എണ്ണ പ്പെടുക
യില്ല.”
“പാവപ്പെട്ടവരെ നിന്ദിക്കരുത്;
അവരെ കഷ്ടപ്പെടുത്തുന്നത് പാപമാകുന്നു.”

“അവരുടെ കണ്ണുനീർ ദൈവത്തിൻ പക്ക
ലെത്തും
അവിടുന്ന് അതിന് പകരം ചോദിക്കുകയും
ചെയ്യും.”

## മദ്ധ്യസ്ഥപ്രാർത്ഥന

**കാർമ്മി:** ക്രിസ്തീയ സഭയ്ക്ക്/ (സമൂഹവും ചേർന്ന്) നവജീവൻ നല്കുവാൻ/ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട കുര്യാക്കോസ് ഏലിയാസ് പിതാവേ,/ മക്കളായ ഞങ്ങൾ അങ്ങയെ വണങ്ങുന്നു. ദൈവത്തിന്റെ കൃപാവരം ഒട്ടും നഷ്ടമാവാതെ/വി.പൗലോസ് ശ്ലീഹായെപ്പോലെ/ ദൈവേഷ്ടത്തോട് പൂർണ്ണമായി സഹകരിച്ചു കൊണ്ട് ജീവിച്ചതിനാൽ/ ദൈവം അങ്ങിൽ സംപ്രീതനായി.

ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി/ നിരവധി മഹത്തായ കാര്യങ്ങൾ അങ്ങയെക്കൊണ്ട് ചെയ്യിക്കുകയും/ അങ്ങേ ആത്മാവിനെ/ വിശിഷ്ട പുണ്യങ്ങളാൽ അലങ്കരിക്കുകയും,/ സ്വർഗ്ഗത്തിൽ അങ്ങയെ മഹത്തപ്പെടുത്തുകയും ചെയ്തിരിക്കുന്നതിൽ/ ഞങ്ങൾ അങ്ങയോട് ചേർന്ന് ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

പ്രിയമുള്ള പിതാവേ,/സൈന്യങ്ങളുടെ കർത്താവായ ദൈവത്തെക്കുറിച്ചുള്ള/ തീഷ്ണതയാൽ എരിയുന്ന ഏലിയാ പ്രവാചകനെപ്പോലെ/ ദൈവികതീഷ്ണതയോടെ/ ആത്മാക്കളുടെ രക്ഷയ്ക്കായി/ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച /അങ്ങയെ അനുകരിച്ച് /മക്കളായ ഞങ്ങളും/ ദൈവത്തിന് പ്രീതികരമാംവിധം/ ജീവിക്കുന്നതിനുവേണ്ട ദൈവകൃപയും /അതോടുകൂടി ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കു ന്ന അനുഗ്രഹവും/ ............................. (മൗനം) അങ്ങേ മാദ്ധ്യസ്ഥം വഴി നേടിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു./ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ,

**സമൂ:** ആമ്മേൻ.

# സമാപന പ്രാർത്ഥന

കാരുണ്യവാനായ കർത്താവെ, ഈ നവനാളിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്ന എല്ലാവരുടെയും നിയോഗങ്ങൾ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവ്വഴി അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. വിശുദ്ധ ചാവറപിതാവിനെപോലെ അങ്ങയുടെ തിരുഹിതം വിവേചിച്ചറിയാനും അത് അനുവർത്തിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. കർത്താവെ, രോഗികളെ സുഖപെടുത്തുകയും ദുഖിതരെ ആശ്വസിപ്പിയ്ക്കുകയും ചെയ്യണമെ. കുടുംബങ്ങളിൽ സമാധാനം നിലനിറുത്തണമെ. പഠിച്ചുകൊണ്ടിരിക്കുന്ന മക്കൾക്ക് വിജ്ഞാനവും വിവേകവും പകരണമെ. അങ്ങയുടെ ശുശ്രൂഷയ്ക്കായി ധാരാളം മക്കളെ നിയോഗിക്കണമെ. മറ്റുള്ളവർക്ക് അനുഗ്രഹമായ് വ്യാപരിക്കുവാൻ അങ്ങേ കൃപകളാൽ ഞങ്ങളെ നിറക്കേണമെ. അനുനിമിഷവും ഞങ്ങളെ ചൂഴ്ന്നുനില്ക്കുന്ന അങ്ങയുടെ പരിപാലനയുടെ കരം ദർശിക്കുവാനും നന്ദിനിറഞ്ഞ ജീവിതം നയിക്കുവാനും ഞങ്ങ ളെ ആശീർവ്വദിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ

**സമൂ:** ആമ്മേൻ.

## സമാപനാശീർവ്വാദം

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സഹവാസവും വിശുദ്ധ കുരിയാക്കോസ് ഏലിയാസ് പിതാവിന്റെ മാധ്യസ്ഥവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും

**സമൂ:** ആമ്മേൻ.

## തിരുശേഷിപ്പ് വന്ദനം

## സമാപനഗാനം

പുണ്യധീരനാം കുര്യാക്കോസിനെ
ധന്യനാക്കിയ ദൈവമേ;
നന്ദിയോടങ്ങേ ദിവ്യപാദങ്ങൾ
കുമ്പിടുന്നു വിനീതരായ്.

ധന്യപാദൻെറയാശ്രയം തേടി
വന്നിടുന്നോരീ ദാസരിൽ
ദിവ്യദാനങ്ങൾ ചിന്തിടേണമെ
നവ്യചൈതന്യം തൂകണെ.

കണ്ണുനീരിൽ നനഞ്ഞു നീങ്ങുന്ന
ജീവിതം നിറകാഴ്ചയായ്
നല്കിടുന്നു നിൻ ദാസരെയോർത്തെൻ
ദൈവമേ വരമേകണേ

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ ലഘു ജീവചരിത്രം

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ 1805 ഫെബ്രുവരി 10-ാം തിയതി ആലപ്പുഴയിൽ കൈനകരി എന്ന ഗ്രാമത്തിൽ ചാവറ കുടുംബത്തിൽ ജനിച്ചു. 1815 ൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചേർത്തലയിൽ പള്ളിപ്പുറം സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന സെമിനാരിയിൽ പാലയ്ക്കൽ തോമാമല്പാന്റെ കീഴിൽ വൈദികനാകുവാൻ പഠിച്ചു. 1818 ൽ ആസ്ത പ്പാടു പട്ടവും 1827 ൽ സബ്ഡയക്കനേറ്റും, 1828 ൽ ഡീക്കൻപട്ടവും സ്വീകരിച്ചു. 1829 നവംബർ 29-ാം തിയതി അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു.

ശിശുപ്രായത്തിൽ ചാവറയച്ചന്റെ അമ്മ ഈശോ എന്ന നാമം ചൊല്ലിക്കൊടുത്ത് വളർത്തിയതിനാൽ ഈശോയ്ക്കുവേണ്ടി അർപ്പണ മനോഭാവത്തോടെ ജീവിക്കണമെന്ന ആഗ്രഹം മനസ്സിൽ നിറഞ്ഞിരുന്നു. വൈദികനായശേഷം 1831 ൽ പാലയ്ക്കൽ തോമാമല്പാനോടും പോരൂക്കര തോമാമല്പാനോടും കൂടി കുര്യാക്കോസ് ഏലിയാസച്ചൻ മാന്നാനം കുന്നിൽ ഒരു ആത്മീയ ഭവനത്തിന് അടിസ്ഥാനമിട്ടു. കണിയാന്തറ യാക്കോബ് സഹോദരനും ഇവരോടൊപ്പം ചേർന്നു. എല്ലാറ്റിൽ നിന്നും ഒതുങ്ങി പാർക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. ഈ ഭവനത്തിന് ബേസ്റൗമാ (ഉയരത്തിലെ വീട്) എന്നായിരുന്നു

പേര് നൽകിയിരുന്നത്. അത് വളർന്ന് അമലോത്ഭവദാസ സംഘം എന്ന പേരിൽ ഒരു വൈദികസമൂഹം മാന്നാനം കുന്നിൽ രൂപപ്പെട്ടു. ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസസഭയായ സി.എം.ഐ. അങ്ങനെ ആരംഭിച്ചു. 1841ൽ പാലയ്ക്കൽ തോമാമല്പാൻ മരണമടഞ്ഞു. 1846 ൽ പോരൂക്കര തോമാമല്പാനുംകൂടി മരണമടഞ്ഞതോടെ ഈ സന്ന്യാസ സമൂഹത്തിന്റെ ഉത്തരവാദിത്വം മുഴുവനും മരണം വരെയും കുര്യാക്കോസ് ഏലിയാസ് അച്ചനിൽ നിക്ഷിപ്തമായി. സഭയെ പിടിച്ചുലച്ച റോക്കോസ് ശീശ്മ യിൽ നിന്ന് സഭയെ സംരക്ഷിക്കുന്നതിനായി കുര്യാ ക്കോസ് ഏലിയാസച്ചനെ മെത്രാപ്പോലീത്ത വികാരി ജന റാളായി നിയമിച്ചു. 1831 മുതൽ മാന്നാനത്ത് പ്രവർത്തിച്ച കുര്യാക്കോസ് ഏലിയാസച്ചൻ വിദ്യാഭ്യാസപുരോഗതി യ്ക്കായി മാന്നാനത്ത് സംസ്കൃതസ്കൂൾ ആരംഭിക്കു കയും മരപ്രസ്സ് സ്ഥാപിക്കുകയും ചെയ്തു. ആരാ ധനക്രമം പരിഷ്ക്കരിക്കുകയും പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും ജനങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധി യ്ക്കായി ധ്യാനങ്ങളും ക്രമീകരിക്കുകയും ചെയ്ത ചാവ റയച്ചൻ ജീവിതത്തിന്റെ അവസാന ഏഴ് വർഷക്കാലം കൂനമ്മാവിലായിരുന്നു ചെലവഴിച്ചത്. 1866 ൽ ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസിനീ സഭയായ സി.എം.സി. ക്ക് രൂപം നൽകി. 1871 ൽ കൂനമ്മാവിൽ ഭാഗ്യമരണം പ്രാപിച്ച കുര്യാക്കോസ് ഏലിയാസച്ചനെ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ സംസ്ക്കരിച്ചു. പിന്നീട് 1889 മെയ്മാസം 24-ാം തിയതി ചാവറയച്ചന്റെ

ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും സി.എം.ഐ. സഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമദേവാലത്തിലേക്ക് മാറ്റി സ്ഥാപിച്ചു. ജീവിതകാലത്തുതന്നെ വിശുദ്ധിയുടെ നിറകുടമായിരുന്ന ചാവറയച്ചൻ മരണശേഷം അനേകർക്ക് ആശ്രയകേന്ദ്രമായി. തന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നവർക്ക് അനുഗ്രഹങ്ങൾ നൽകിയ ചാവറയച്ചന്റെ കീർത്തി നാട്ടിലെങ്ങും പരന്നു. വിശുദ്ധ അൽഫോൻസ രോഗിണിയായിരുന്നപ്പോൾ ചാവറയച്ചന്റെ മാദ്ധ്യസ്ഥ്യം യാചിക്കുകയും അതിന്റെ ഫലമായി അൽഫോൻസായ്ക്ക് രോഗശാന്തി ലഭിക്കുകയും ചെയ്തതായി വിശുദ്ധ അൽഫോൻസ തന്നെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചാവറയച്ചന്റെ നാമകരണ നടപടികൾ 1956 ൽ ആരംഭിച്ചു. 1986 ൽ കോട്ടയത്തുവച്ച് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2014 നവംബർ 23 ന് റോമിൽവച്ച് കുര്യാക്കോസ് ഏലിയാസ് ചാവറയച്ചനെ വിശുദ്ധനെന്ന് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ നാമകരണം ചെയ്തു. മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദേവാലയത്തിൽ അൾത്താരയുടെ മുന്നിൽ കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ കബറിടം സ്ഥിതിചെയ്യുന്നു.

## കുടുംബഭദ്രതയ്ക്ക് വേണ്ടി വിശുദ്ധ ചാവറയച്ചന്റെ പ്രവാചക വചനങ്ങൾ

1. നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബം എന്നാൽ, രക്തത്താലും, സ്നേഹത്താലും ബന്ധപ്പെട്ടവർ കാരണവൻമാരോടു ബഹുമാനവും വിധേയത്വവും പുലർത്തി, തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ വർത്തിച്ച് അവരവരുടെ അന്തസ്സിനനുസരിച്ച് നിത്യരക്ഷ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് ഒരുമിച്ച് ജീവിക്കുന്നതാകുന്നു.

2. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ ലോകജീവിതത്തിൽ ദുഃഖങ്ങളിൽ ആശ്വാസവും സമാധാനവും നല്കുന്നത് പരസ്പര സ്നേഹവും ക്രമവും ഉള്ള കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.

3. സമാധാനവും നിഷ്ഠയും ഇല്ലാത്തതും, ദൈവശുശ്രൂഷ ചെയ്യുന്നതിലും നിത്യരക്ഷ നേടുന്നതിലും താത്പര്യം ഇല്ലാത്തതുമായ കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റവും വലിയ ദുരിതമാകുന്നു.

4. നിങ്ങൾ പരസ്പരം സ്നേഹത്തിൽ ജീവിക്കുവിൻ, കുറ്റങ്ങളും കുറവുകളും പരസ്പരം ക്ഷമിക്കുവിൻ. ഇങ്ങനെ ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.

5. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള കാര്യങ്ങളെക്കുറിച്ചാണെങ്കിലും സർക്കാരിൽ കേസ്സിനു പോകാതിരിക്കുകയാണ് നല്ലത്.

6. ധനത്തെപ്രതി ക്രമവും ദൈവഭയവും ഇല്ലാത്ത തറവാടുകളുമായി ബന്ധുത്വം സ്ഥാപിക്കേണ്ട.എന്തെന്നാൽ ഒരു കുടുംബത്തിന് നന്മയും സന്തോഷവും വരുത്തുന്നതും ധനികരായ ബന്ധുക്കളല്ല, ക്രമവും ദൈവഭയം ഉള്ള ബന്ധുക്കളാണ്.

7. ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയവും ഭ
ക്തിയുമാണ്. ഇത്തരം തറവാട് ഈ ലോകത്തിലും പര
ലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവി
ക്കും. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോ
ലെ നല്ല കുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടാക്കുന്നു.

8. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും ത
ത്വശാസ്ത്രഗ്രന്ഥങ്ങളും മക്കൾക്കുവേണ്ടി സമ്പാദിച്ചുവ
യ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ചീത്തപുസ്തകങ്ങൾ
വീട്ടിൽ വച്ച് സൂക്ഷിക്കുന്നത് വയ്ക്കോലിൽ തീ ഒളിച്ചു
വയ്ക്കുന്നതിനു തുല്യമാകുന്നു.

9. മാതാപിതാക്കളെ, മക്കളെ വളർത്തുന്ന കാര്യം നിങ്ങളു
ടെ ഏറ്റവും പ്രധാനപ്പെട്ട കടമയും ഉത്തരവാദിത്വമാണെ
ന്ന് നന്നായി അറിഞ്ഞുകൊള്ളുവിൻ. നിങ്ങളാൽ സൂ
ക്ഷിക്കപ്പെടുന്നതിനായ് സർവ്വേശ്വരൻ തമ്പുരാൻ നിങ്ങ
ളുടെ കയ്യിൽ തന്നിരിക്കുന്ന നിക്ഷേപങ്ങളാണ് മക്കൾ.
തന്റെ തിരുരക്തത്താൽ വിശുദ്ധീകരിക്കുന്നതിനും, ദൈ
വശുശ്രൂഷികളാക്കുന്നതിനും, വിധിദിവസത്തിൽ തിരി
ച്ചേൽപ്പിക്കുന്നതിനുമായി, ഈശോമിശിഹാ നിങ്ങളെ ഭ
രമേല്പിച്ചിരിക്കുന്ന ആത്മാവുകളാണ് മക്കൾ.

10. നിങ്ങളുടെ വാർദ്ധ്യത്തിൽ നിങ്ങളെ സംരക്ഷിക്കുവാനും
ആശ്വസിപ്പിക്കുവാനും നല്ല മക്കൾ നിങ്ങൾക്കുണ്ടാകണ
മെങ്കിൽ അവരുടെ ചെറുപ്രായത്തിൽ അവരെ നല്ല ക്രി
സ്ത്യാനികളാക്കി വളർത്തുവിൻ.

11. അമ്മമാർ തങ്ങളുടെ ഉണ്ണികളെ കൂടെ കൂടെ തമ്പുരാന്
കാഴ്ചവയ്ക്കുകയും, അവരെ ഈശോ മറിയം ഔസേപ്പി
ന്റെ മധ്യസ്ഥതയിൽ ഏല്പിക്കുകയും, അവർക്കുവേണ്ടി
നിരന്തരം അപേക്ഷിക്കുകയും വേണം. അമ്മയുടെ അപേ
ക്ഷ ഉണ്ണിയുടെ അപേക്ഷയായി ദൈവം കൈകൊള്ളും.

12. കുഞ്ഞുങ്ങൾ സംസാരിക്കാൻ തുടങ്ങുമ്പോൾ സ്വർഗ്ഗസ്ഥ
നായ ഞങ്ങളുടെ പിതാവേ, നന്മനിറഞ്ഞ മറിയമേ മുത
ലായ പ്രാർത്ഥനകളും സുകൃതജപങ്ങളും അവരെ പഠി

പ്പിക്കുക. ശരീരത്തിനുവേണ്ട ആഹാരത്തോടൊപ്പം, ഈ ആത്മീയ ഭക്ഷണവും അവർക്ക് കൊടുക്കുന്നത് നല്ലതാണ്.

13. മക്കളോടു കാണിക്കുന്ന അധിക കാർക്കശ്യവും അധിക ഭയവും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം അഹങ്കാരം ജനിപ്പിക്കുന്നു. അധികകോപവും ശിക്ഷയുമാകട്ടെ നാണമില്ലായ്മയും, ബുദ്ധിമാന്ദ്യവും, ശരണക്കേടും കുട്ടികളിൽ വരുത്തും.

14. മാതാപിതാക്കൾ പരസ്പര ബഹുമാനവും, സ്നേഹവും, വണക്കവും കാണിക്കുന്നില്ലെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല.

15. മക്കൾക്ക് ജീവിതാന്തസ്സ് തിരഞ്ഞെടുക്കേണ്ട പ്രായം വരുമ്പോൾ അവർക്ക് അതിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സ് നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അത് തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. അത് കാരണവന്മാർക്കുള്ളതല്ല.

16. മാതാപിതാക്കൾ പ്രായാധിക്യത്തിലെത്തുന്നതിനു മുമ്പു തന്നെ അതായത് അവരുടെ ബോധത്തിന് ബലക്ഷയം വരുന്നതിനു മുമ്പു തന്നെ അവരുടെ വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കുക. അല്ലെങ്കിൽ അവരുടെ മരണ ശേഷം മക്കൾ തമ്മിലുണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്ക് മാതാപിതാക്കൾ ഉത്തരവാദികളാകും.

17. കുട്ടികളെ സ്കൂളിൽ അയച്ചാൽ മാത്രം പോരാ അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കയും വേണം.

18. വൈകീട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കുടുംബപ്രാർത്ഥന കൂട്ടമായിട്ട് നടത്തുക. ഈ സമയത്ത് എത്ര വലിയ വിശിഷ്ടാതിഥികളോ പ്രധാനികളോ ഉണ്ടായിരുന്നാലും

പ്രാർത്ഥന മുടക്കരുത്, കൃത്യസമയത്തു തന്നെ അതു നടത്തുകയും വേണം.

19. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുക യോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇ ത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു.

20. പാവപ്പെട്ടവരെ നിന്ദിക്കരുത്. അവരെ ബുദ്ധിമുട്ടിപ്പിക്കുക യുമരുത് എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ ക ണ്ടാൽ തീർച്ചയായും നിന്നോട് പകരം ചോദിക്കും.

21. അന്യന് ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സി ന്റെ ദിവസങ്ങളുടെ കണക്കിൽ ചേർക്കില്ല.

22. നിന്റെ അന്തസ്സിനു ചേർന്ന വിധത്തിൽ ജോലി ചെയ്യുക. ജോലി ചെയ്യാതിരിക്കുന്നത് മാന്യതയുള്ളവരുടെ രീതി യല്ല. മടി സർവ്വദുർഗുണങ്ങളുടേയും മാതാവാകുന്നു. പ്ര ത്യേകിച്ച് മദ്യപാനത്തിന്റെ പിതാവാകുന്നു. മദ്യപാനം ലോകത്തിനു മുമ്പിൽ വലിയ അപമാനവും തമ്പുരാന്റെ മുമ്പിൽ വലിയ പാപവുമകുന്നു.

23. നീരസങ്ങളെക്കുറിച്ച് പകരം വീട്ടാൻ മൃഗങ്ങൾക്കുപോ ലും സാധിക്കും. എന്നാൽ അവയെ സാരം വയ്ക്കാതെ ക്ഷമിക്കുന്നത് മഹാശക്തിയും വിവേകമുള്ള വ്യക്തിക ളുടെ അടയാളവുമാണ്.

24. കടമുള്ള ദിവസങ്ങളിൽ വി.കുർബാനയിൽ പങ്കെടുക്കു ന്നത് കൂടാതെ, നല്ല പ്രസംഗങ്ങൾ കേൾക്കുക, നല്ല പു സ്തകങ്ങൾ വായിക്കുക. രോഗികളെ പ്രത്യേകിച്ച് പാവ പ്പെട്ടവരെ ചെന്ന് കണ്ട് ശുശ്രൂഷ ചെയ്യുക. മുതലായ പ രേപകാര പ്രവൃത്തികൾ ചെയ്യുക.

25. കൊച്ചുകുഞ്ഞുങ്ങൾക്ക് മനസ്സിലാകയില്ല എന്നു കരു തി അവരുടെ മുമ്പിൽ വച്ച് ചീത്ത സംസാരങ്ങളും പര ദൂഷണങ്ങളും അരുത്.

26. ധാരാളിത്വവും പിശുക്കും രണ്ടു തിന്മയാകുന്നു.പിശുക്കന്റെ

വസ്തു പുഴു തിന്നും ധാരാളിയുടെ സന്തോഷം പുകപോലെ കടന്നു പോകും.

27. നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട. ആയിരം പേരിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കുകയില്ലെന്ന് ഓർത്തുകൊള്ളുക.

28. നീ സമ്പന്നനാണെങ്കിൽ അത് കൊട്ടിഘോഷിക്കരുത്. വിവാഹം മുതലായ ആഘോഷങ്ങളിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും അധികമായി ചെലവു ചെയ്യരുത്. ഒരു വലിയ വെട്ടം കാട്ടി ആളിക്കത്തി പെട്ടെന്ന് കെട്ടുപോകുന്ന ഒരു വൈക്കോൽ തുറുവിന്റെ തീയേക്കാൾ നല്ലത് ഒരു ചെറിയ വിളക്കിന്റെ നിലനിൽക്കുന്ന വെളിച്ചമാണല്ലോ.

.29. പ്രത്യേകമായ ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കരുത്. മുമ്പ് വാങ്ങിച്ചിട്ടുണ്ടെങ്കിൽ വേഗം തിരിച്ചുകൊടുക്കാൻ ഉത്സാഹിക്കണം. എന്നാൽ കാരണവന്മാർക്ക് വല്ല കുർബാന കടങ്ങളോ ഉത്തരിപ്പ് കടങ്ങളോ ഉണ്ടെങ്കിൽ അവ വലിയ താത്പര്യത്തോടെ തീർക്കുക.

30. സൂത്രം കൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട സമ്പത്ത് മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

31. ഒരു വീട്ടിൽ നിന്ന് എല്ലാവർക്കും കുർബാനയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദിവസവും ഒന്നോ രണ്ടോ പേരെങ്കിലും മാറി മാറി കുർബാനയ്ക്കു പോകേണ്ടതാകുന്നു.

# കുടുംബങ്ങൾക്കുവേണ്ടി ചാവറപിതാവിനോട് പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമെ, ദൈവികജീവനിൽ വളരുന്നതിലും അങ്ങയെ മഹത്വപ്പെടുത്തുന്നതിലും മാതൃകയായി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിനെ ഞങ്ങൾക്ക് നൽകിയതിന് ഞങ്ങൾ നന്ദി പറയുന്നു.

തിരുക്കുടുംബ ഭക്തനായ ചാവറപിതാവേ, ഞങ്ങളുടെ കുടുംബത്തിനുവേണ്ടി പ്രത്യേകം മാദ്ധ്യസ്ഥം വഹിക്കേണമേ. അങ്ങയേപ്പോലെ ദൈവവിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങൾ വളരുവാനും, സ്നേഹത്തിലും ഐക്യത്തിലും നിലനിൽക്കുവാനും ഞങ്ങളെ സഹായിക്കേണമെ. ജീവിതക്ലേശങ്ങളെ അതിജീവിക്കുവാനുള്ള ശക്തിയും മനസ്സിനും ശരീരത്തിനും ആരോഗ്യവും പ്രദാനം ചെയ്യണമെ. അനുദിനം ദൈവതിരുമനസ്സു മാത്രം അന്വേഷിക്കുവാനും, ഉള്ളതു വർദ്ധിപ്പിച്ച് സംതൃപ്തിയോടെ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കേണമെ. ഞങ്ങളുടെ കുടുംബത്തിലെ ഓരോ അംഗത്തിന്റെയും വ്യത്യസ്ഥമായ ആവശ്യങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് അനുഗ്രഹങ്ങൾ വാങ്ങിത്തരണമെ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് പൗരോഹിത്യത്തിലേക്കും, സന്യാസത്തിലേക്കും ധാരാളം ദൈവവിളികളും ഞങ്ങൾക്കാവശ്യമായ ഈ പ്രത്യേക അനുഗ്രഹവും........ ഈശോയിൽ നിന്ന് ഞങ്ങൾക്കു വാങ്ങിത്തരേണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ

# വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ പ്രഭാതസമർപ്പണ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവമേ, എന്റെ സ്രഷ്ടാവും നാഥനുമായ അങ്ങയെ ഞാൻ ആരാധിക്കുന്നു. തിരുസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതുമെല്ലാം ഞാനും വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തെ ഉറപ്പിക്കണമെ. എന്നെ സൃഷ്ടിച്ചതിനും രക്ഷിച്ചതിനും കഴിഞ്ഞ രാത്രിയിൽ കാത്തുപരിപാലിച്ചതിനും ഞാൻ നന്ദി പറയുന്നു. എന്റെ ദൈവമേ, പൂർണ്ണ ഹൃദയത്തോടെ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. ഈ സ്നേഹത്തിന്റെ അടയാളമായി ഇന്നത്തെ എന്റെ എല്ലാ പ്രവൃത്തികളും എന്റെ ജീവിതകാലം മുഴുവൻ ഞാൻ ചെയ്യുന്നവയും എന്റെ സഹനങ്ങളും അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു. ഈശോമിശിഹായുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിന്റെയും സൽപ്രവൃത്തികളോടുചേർത്ത് എന്റെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും ആഗ്രഹങ്ങളുമെല്ലാം എന്നേക്കുമായി ഞാൻ അങ്ങേക്ക് കാഴ്ചവയ്ക്കുന്നു. മരണംവരെ വിശ്വസ്തനായിരിക്കാൻ ഇശോമിശിഹായുടെ യോഗ്യതകളെപ്രതി ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. നിത്യജീവൻ നഷ്ടമാക്കുന്ന പാപത്തെ ഞാൻ വെറുത്തുപേക്ഷിക്കുന്നു. എനിക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ എന്നെ സഹായിച്ച് പരിപാലിക്കണമെ. അങ്ങയുടെ തിരുമനസ്സിനോട് എന്നെ പൂർണ്ണമായും യോജിപ്പിക്കണമെ. ആരാധ്യമായ അങ്ങയുടെ തിരുമനസ്സ് എന്നും സ്നേഹിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുമാറാകട്ടെ.

പരിശുദ്ധ കന്യകാമാതാവേ, അയോഗ്യപാപിയായ എന്നെയും അമ്മയുടെ മക്കളുടെ കൂട്ടത്തിൽ ചേർക്കണമെ. ജീവിതകാലം മുഴുവൻ, പ്രത്യേകം ഇന്നേദിവസം പരിശുദ്ധിയോടും ഹൃദയവെടിപ്പോടുംകൂടെ ജീവിക്കാനുള്ള കൃപ ഈശോയിൽനിന്നും എനിക്ക് വാങ്ങിത്തരണമെ.

---

(ഈ സമർപ്പണപ്രാർത്ഥന ഓരോ പ്രഭാതത്തിലും ഭക്തിപൂർവ്വം ജപിച്ചാൽ അനുദിനജീവിതത്തിൽ ധാരാളം ദൈവാനുഗ്രഹങ്ങൾ പ്രാപിക്കാൻ സാധിക്കും).